**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 871** **06-10-2021 - ൽ മറുപടിയ്ക്ക്**

**വനമേഖലയിൽ ഔഷധസസ്യകൃഷി വികസിപ്പിക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വനമേഖലയിൽ ഔഷധസസ്യകൃഷി വികസിപ്പിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; ഈ പദ്ധതി എവിടെയൊക്കെ നടപ്പാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (എ) | വിവിധ ഔഷധ സസ്യങ്ങളുടെ സംരക്ഷണത്തിനായി ദേശീയ ഔഷധ സസ്യ ബോർഡിന്റെ ധനസഹായം ഉപയോഗപ്പെടുത്തി പങ്കാളിത്ത വന പരിപാലന പ്രവർത്തനങ്ങളുടെ ഭാഗമായി വനാശ്രിതരായ ആദിവാസി വിഭാഗങ്ങൾ ഉൾപ്പെടെയുള്ളവരുടെ പങ്കാളിത്തത്തോടെ വിവിധ പദ്ധതികൾ സംസ്ഥാനത്ത് വനം വകുപ്പ് നടപ്പാക്കിയിട്ടുണ്ട്. ദേശീയ ഔഷധ സസ്യ ബോർഡിന്റെ ധന സഹായത്തോടെ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു. ദേശീയ വനവൽക്കരണ പരിപാടിയുടെ ഭാഗമായി 2002-03 മുതൽ 2015-16 വരെയുള്ള കാലയളവിൽ 29 വന വികാസ ഏജൻസികളിലൂടെ 2793.95 ലക്ഷം രൂപ ചെലവഴിച്ച് 15079.80 ഹെക്ടർ സ്ഥലത്ത് ഈറ, മുള എന്നിവയും വിവിധ തരം ഔഷധ സസ്യങ്ങളും വച്ചു പിടിപ്പിക്കുന്നതിനുള്ള പദ്ധതികൾ വനം വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ